അധിക വൈദഗ്ദ്ധ്യ പരിപാടിയുടെ രണ്ടാം ഘട്ടമായാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏകദേശം 2 ഏക്കർ സ്ഥലം ആവശ്യമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, വിവിധ സെക്ടർ സ്കിൽ കൗൺസിലുകൾ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് ഏജൻസി തുടങ്ങിയ സർക്കാർ ഏജൻസികളുടെയും സി.ഐ.ഐ, ഫിക്കി തുടങ്ങിയ വ്യവസായ സംഘടനകളുടെയും സഹകരണത്തോടുകൂടിയായിരിക്കും സ്കിൽ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ വിശദമായ ഡിസൈൻ രൂപപ്പെടുത്തുന്നതിനായി ഇൻഡ്യയിലെ പ്രമുഖ തൊഴിൽ പരിശീലന ദാതാക്കളുടെ ഒരു വർക്ക്ഷോപ്പും ഇതിനകം നടത്തുകയുണ്ടായി. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ 2017 ഡിസംബറിനകം സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) സർക്കാർ വിഹിതവും എം.എൽ.എ-മാരുടെ ആസ്തിവികസനത്തിനുള്ള തുകയും കൂടി സമാഹരിച്ചാണ് സ്കിൽ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഏഷ്യൻ വികസന ബാങ്ക് പ്രസ്തുത പദ്ധതിയുമായി സഹകരിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയൻമാരുടെ നിയമനം

8 (*868) ശ്രീ. മാൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയൻമാരെ നിയമിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയമിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പൊതുവിദ്യാഭ്യാസ മേഖലയിലുള്ള ലൈബ്രറികൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്ത് ഹൈസ്കൂൾ വിഭാഗത്തിലും ഹയർ സെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എത്ര സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക ആവശ്യമുണ്ടെന്നും ഇതിന്റെ സാമ്പത്തിക ബാധ്യത എത്രയാണെന്നും വിശദമായി പരിശോധിച്ചശേഷം മാത്രമേ തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് നയപരമായ ഒരു തീരുമാനം എടുക്കാൻ കഴിയൂ. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും പരിശോദിച്ചുവരുന്നു.

(സി) സ്കൂളുകളിൽ നിലവിലുള്ള ലൈബ്രറികൾ നവീകരിക്കാൻ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

പാഠപുസ്തകങ്ങളിലുണ്ടായ മാറ്റവും വിതരണവും

9 (*669) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം സ്കൂളുകളിൽ പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ ;

(ബി) ഈ വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലാണ് മാറ്റമുണ്ടായിട്ടുള്ളത് ; മാറിയ പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കഴിഞ്ഞ അദ്ധ്യയനവർഷം പാഠപുസ്തക വിതരണത്തിൽ കാലതാമസമുണ്ടായതു കാരണം വിദ്യാർത്ഥികൾ നേരിട്ട ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച പരിശോധന നടത്തുകയുണ്ടായോ ;

(ഡി) കാലതാമസമില്ലാതെ അദ്ധ്യയനവർഷത്തിൽതന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും കുറ്റമറ്റ രീതിയിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ആവശ്യമായ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഒന്നാം വാല്യം അച്ചടിച്ചു വിതരണം ചെയ്തു. സ്കൂളുകൾ അധികമായി ആവശ്യപ്പെട്ട പാഠപുസ്തകങ്ങൾ ജൂലൈ 15 നുള്ളിൽ അച്ചടിച്ച് വിതരണം പൂർത്തിയാക്കുന്നതിന് കെ.ബി.പി.എസ്-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നവംബറിൽ സ്കൂളിൽ ലഭ്യമാക്കേണ്ട രണ്ടാം വാല്യം പുസ്തകങ്ങൾ അച്ചടിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly